# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 62 — 06-01-2014-ന് മറുപടി നല്കേണ്ടത്

## പാർലമെന്റ് അംഗങ്ങളുടെ സംസ്ഥാനതലത്തിൽ നടന്ന യോഗങ്ങൾ

**ചോദ്യം**
ഡോ. ടി.എം. തോമസ് ഐസക്

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പാർലമെന്റ് അംഗങ്ങളുടെ സംസ്ഥാന തലത്തിൽ നടന്ന വിവിധ മീറ്റിംഗുകളുടെ ഭാഗമായി, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേയ്ക്ക് സർക്കാർ അവതരിപ്പിച്ച കാര്യങ്ങളിൽ ഇപ്പോഴും അനുകൂല തീരുമാനം ഉണ്ടായിട്ടില്ലാത്ത വിഷയങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ; | (എ) & (ബി) | കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേയ്ക്ക് സംസ്ഥാന സർക്കാർ അവതരിപ്പിച്ച കാര്യങ്ങളിന്മേൽ കേന്ദ്രസർക്കാർ അനുഭാവപൂർണ്ണമായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച എല്ലാ വിഷയങ്ങളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത കാര്യങ്ങളിൽ സംസ്ഥാനത്തു നിന്നുളള കേന്ദ്രമന്ത്രിമാരുമായി ബന്ധപ്പെട്ട വകുപ്പുകളിൽ തീരുമാനത്തിനായി ബാക്കിനിൽപ്പുളള വിഷയങ്ങൾ എത്രയാണ്; അവ എന്തൊക്കെയാണ്; | | |
| (സി) | തിരുവനന്തപുരത്ത് എം.പി.മാരുടെ എത്ര യോഗങ്ങൾ ചേർന്നു; അതിലൊന്നിലും ഇതുവരെ പങ്കെടുത്തിട്ടില്ലാത്ത കേന്ദ്രമന്ത്രി ഉണ്ടോ; എങ്കിൽ ആരാണെന്നു വ്യക്തമാക്കുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.പി.മാരുടെ 7 യോഗങ്ങൾ തിരുവനന്തപുരത്ത് വച്ച് ചേർന്നു. ബഹു. കേന്ദ്ര പ്രതിരോധ വകുപ്പു മന്ത്രി ശ്രീ. എ.കെ. ആന്റണി, ബഹു. കേന്ദ്ര പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവി, ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പു സഹമന്ത്രി ശ്രീ. മുല്ലപ്പളളി രാമചന്ദ്രൻ എന്നിവർക്ക് ഔദ്യോഗിക തിരക്കുകൾ കാരണം ഈ യോഗങ്ങളിൽ സംബന്ധിക്കാൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ